**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**<u>പോലീസ് സേനയിലെ ആത്മഹത്യാ നിരക്ക്</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 90 02/03/2020-ൽ മറുപടിക്ക്**

| | |
|---|---|
| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
| **ശ്രീ.എം.ഉമ്മർ** | **പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** |

<table>
<tr>
<td>(എ)</td>
<td>സംസ്ഥാനത്ത് പോലീസ് സേനയിൽ ആത്മഹത്യാ നിരക്ക് വർദ്ധിക്കുന്നതായുള്ള വസ്തുത സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ;</td>
<td>(എ)</td>
<td>സംസ്ഥാനത്ത് പോലീസ് സേനയിൽ ആത്മഹത്യാ നിരക്ക് വർദ്ധിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഴിഞ്ഞ 3 വർഷത്തെ കണക്ക് ചുവടെ കൊടുക്കുന്നു.
<table>
<tr><td>വർഷം</td><td>2017</td><td>2018</td><td>2019</td><td>2020 (24/02/2020 വരെ)</td></tr>
<tr><td>ആത്മഹത്യ ചെയ്ത പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം</td><td>14</td><td>13</td><td>18</td><td>3</td></tr>
</table>
</td>
</tr>
<tr>
<td>(ബി)</td>
<td>പ്രസ്തുത ആത്മഹത്യകൾ കുറയ്ക്കുന്നതിനും പോലീസ് സേനയെ മാനസികമായി ശക്തരാക്കുന്നതിനും വേണ്ടി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതി വ്യക്തമാക്കാമോ;</td>
<td>(ബി)</td>
<td>സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥരെ മാനസികമായി ശക്തരാക്കുന്നതിനും, ആത്മഹത്യകൾ കുറയ്ക്കുന്നതിനുമായി വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തി ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും, എല്ലാ പോലീസ് സ്റ്റേഷനുകളിലും മെന്റർമാരെ നിയോഗിച്ചിട്ടുള്ളതും പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ സന്ദർഭങ്ങളിൽ കൗൺസലിംഗ് നടത്തുന്നതിന് വേണ്ടി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ യോഗാ ക്ലാസുകളും, സ്ട്രെസ് മാനേജ്മെന്റ് ക്ലാസുകളും നൽകിവരുന്നുണ്ട്.</td>
</tr>
<tr>
<td>(സി)</td>
<td>മേലുദ്യോഗസ്ഥരും കീഴുദ്യോഗസ്ഥരും തമ്മിലുള്ള ബന്ധം ആരോഗ്യകരമാകുന്ന രീതിയിൽ മാറ്റിയെടുക്കുന്നതിനായി സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?</td>
<td>(സി)</td>
<td>സംസ്ഥാനത്ത് പോലീസ് സേനയിൽ മേലുദ്യോഗസ്ഥരും കീഴുദ്യോഗസ്ഥരും തമ്മിൽ ആരോഗ്യകരമായ ബന്ധമാണ് നിലനിൽക്കുന്നത്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ